കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാണിക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരം ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.10/319/2020

കേരള സംസ്ഥാന ഓഡിറ്റ് ജില്ലാ ജോയിന്റ്

ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം

തീയതി.29.4.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാണിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ. റ്റി.വി.എം/ജി.പി.10/319/2020 തിയതി:29.4.2020

## തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.11.2018 മുതൽ 18.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.02.2020 മുതൽ<br>29.02.2020 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുജേഷ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അൻവർരാജ്.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. വിനുകുമാർ.പി.കെ. | ഓഡിറ്റർ |
| കുമാരി മെർലിൻ ജേക്കബ് | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി എസ്. സുജാത | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ.എസ്.പ്രേംശങ്കർ | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ**

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ബിന്ദുലേഖ.എസ്. | 01.04.2018 മുതൽ 23.06.2018 വരെ |
| | ശ്രീ. പ്രവീൺ.പി.ഐ. | 24.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി പ്രീതി പ്രഭാകരൻ | 01.04.2018 മുതൽ 15.06.2018 വരെ |
| | ശ്രീ. രാജേന്ദ്രകുമാർ.സി.വി. | 16.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഹീര | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജ്യോതി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ആൻമേരി ജെയിംസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. വിജയലാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ. ഹനീഫ.എൽ. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി പമേല വിമൽരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി രശ്മി.എസ്. | 01.04.2018 മുതൽ 22.07.2018 വരെ |
| | ശ്രീമതി ദീപ.എസ്. | 23.07.2018 മുതൽ 10.09.2018 വരെ |
| | ശ്രീമതി വനജകുമാരി.വി. | 11.09.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീമതി സീന.എൻ.ഐ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ദീപ്തി.ബി.എൻ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | | |

| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ നടപടിയില്ല | 1-12 |
| 13 | ഓൺലൈൻ നികുതി അടവ് അക്കൗണ്ട് ചെയ്യുന്നതിൽ കാലതാമസം | 1-13 |
| 14 | നികുതി നിർണയം അപാകങ്ങൾ | 1-14 |
| 15 | പെർമിറ്റ് രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലുകളില്ല - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല | 1-15 |
| 16 | പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല | 1-16 |
| 17 | ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിലെ വീഴ്ച | 1-17 |
| 18 | സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകൽ - നടപടിക്രമങ്ങളിലെ വീഴ്ച | 1-18 |
| 19 | അനധികൃതമായി നിർമിച്ച കെട്ടിടത്തിൽ വ്യാപാര സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ച് നൽകി | 1-19 |
| 20 | ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-20 |
| 21 | മതിയായ രേഖകളില്ലാതെ ആനുകൂല്യ വിതരണം | 1-21 |
| 22 | ജലശ്രീ - മോണിറ്ററിംഗ് നടത്തിയില്ല | 1-22 |
| 23 | തെരുവ് നായ നിയന്ത്രണം - പ്രവർത്തനം സുതാര്യമല്ല | 1-23 |
| 24 | അംഗീകാരം വാങ്ങിയ പ്രവൃത്തികൾ നടപ്പാക്കുന്നില്ല - വകയിരുത്തുന്ന ഫണ്ട് ചെലവഴിക്കുന്നില്ല | 1-24 |
| 25 | വ്യാപകമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നു | 1-25 |
| 26 | കന്യാകുളങ്ങര മാർക്കറ്റ് - അധികാരികളുടെ ശ്രദ്ധ ആവശ്യം | 1-26 |
| 27 | ജാഗ്രത സമിതി - പ്രവർത്തനം ഊർജ്ജിതമാക്കണം | 1-27 |
| 28 | ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ കായിക മത്സരം - റിഫ്രഷ് മെന്റെന്ന പേരിൽ യാത്രക്കൂലി പണമായി നൽകി | 1-28 |
| 29 | മഴക്കാല പൂർവ്വശുചീകരണം - പ്രവർത്തനത്തിലെ അപാകങ്ങൾ | 1-29 |
| 30 | ആശുപത്രി മാനേജിംഗ് കമ്മിറ്റി - നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-30 |
| 31 | മരുന്നു വിതരണ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല | 1-31 |

| | | |
|---|---|---|
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.2018ൽ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 272501198 /- രൂപയും പ്രതീക്ഷിത ചെലവ് 270379483 /- രൂപയും നീക്കിയിരിപ്പ് 2121715 /- രൂപയുമായിരുന്നു. ഭരണസമിതിയുടെ 25.01.2019ലെ 1(1) -ാം നമ്പർ തീരുമാനം പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 12.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15107928 |
| വരവ് | 174913972 |
| ആകെ | 190021900 |
| ചെലവ് | 139260535 |
| നീക്കിയിരിപ്പ് | 50761365 |

# 1-4 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27569532 | 27569532 | 27569532 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10638210 | 10638210 | 10638210 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 291000 | 291000 | 291000 | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 0 | 12203541 | 12203541 | 12203541 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 9150000 | 9150000 | 9150000 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 5830126 | 5830126 | 5830126 | 0 |
| UBI സാക്ഷരത | 35822 | 0 | 35822 | 0 | 35822 |
| UBI ജലനിധി | 1717976 | 1826777 | 3544753 | 3221317 | 323436 |
| UBI MNREGS | 1386 | 856072 | 857458 | 856086 | 1372 |
| SBI online - E payment | 52253 | 229430 | 281683 | 7256 | 274427 |
| KGB ഭവനനിധി | 0 | 53216933 | 53216933 | 36488109 | 16728824 |
| Treasury Account - Joint venture | -273384 | 3925851 | 3652467 | 3176510 | 475957 |
| UBI SSA | 4198 | 0 | 4198 | 0 | 4198 |
| Service Co operative Bank | 335 | 0 | 335 | 0 | 335 |
| Distress Relief Fund | 44088 | 298725 | 342813 | 306625 | 36188 |
| Treasury TSB Own Fund | 575297 | 31844079 | 32419376 | 12443537 | 19975839 |
| Own Fund UBI | 12634580 | 16383135 | 29017715 | 16763309 | 12254406 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 268446534 | 161 | 89734777 | - | 50 | 76 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1386 | 856072 | 857458 | 856086 | 1372 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 46727014 | 46727014 | 46727014 | 0 |
| ആകെ | 1386 | 47583086 | 47584472 | 47583100 | 1372 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 940800 | 393 |
| കർഷകതൊഴിലാളി പെൻഷൻ | 5144700 | 378 |
| വിധവാ പെൻഷൻ | 23619200 | 2003 |
| വാർദ്ധക്യകാലപെൻഷൻ | 49712500 | 4123 |
| വികലാംഗ പെൻഷൻ | 6090100 | 489 |
| വിവാഹധനസഹായം | 420000 * | 14 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 484800 | 38 |

** Financial Assistance to Widow's Daughters' Marriage* ഇനത്തിൽ ബിൽ ബുക്ക് പ്രകാരമുള്ള ചെലവ് *420000/-* രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം *180000/-* രൂപയാണ് ചെലവ്.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020, 10.15 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52636/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1) <u>പദ്ധതി രൂപീകരണം - വേണ്ടത്ര ജാഗ്രതയില്ല</u>

എ)ഗ്രാമ പഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ, സ.ഉ.(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018-ാം നമ്പർ പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 21/25.02.2020ന്റെ മറുപടിയുടെയും ലഭ്യമാക്കിയ രേഖകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

| ക്രമ നമ്പർ | ഉത്തരവ് പ്രകാരം | പഞ്ചായത്തിന്റെ നടപടി |
|---|---|---|
| 1 | തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. മറ്റൊരു ചുമതല ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്നതാണ്. പ്രോജക്ടുകൾ | ആസൂത്രണ സമിതി യോഗം കൂടിയതിനുശേഷം പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി 19.02.2018ൽ യോഗം ചേർന്നതിനുശേഷം വയോജനകൗൺസിലിനായി 14.03.2018ൽ മാത്രമാണ് 18-19 |

| | | |
|---|---|---|
| | തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക എന്നത് പ്രധാന ചുമതലകളിൽപ്പെടുന്നു. | വർഷം ഇതുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി വിളിച്ചുകൂട്ടിയിട്ടുള്ളത്. |
| 2 | വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശഭരണ സ്ഥാപനം ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിച്ചു കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. | വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് അവസ്ഥാ രേഖ പരിഷ്കരിച്ചിട്ടുണ്ട്. |

ബി)2018-19 പദ്ധതി രൂപീകരണം സംബന്ധിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| നടപടിക്രമം | തീയതി |
|---|---|
| ആസൂത്രണസമിതി കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയത് | 19.02.2018 |
| ആസൂത്രണസമിതി കരട് പദ്ധതിരേഖ അംഗീകരിച്ചത് | 06.03.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗങ്ങൾ കൂടിയത് | 06.03.2018 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ട് നിർദ്ദേശങ്ങൾ ഭരണ സമിതിയോട് ശുപാർശ ചെയ്തത് | 06.03.2018 |

സി) ഗുണഭോക്തൃ സമിതി (പി.ടി.എ) മുഖേന നടപ്പാക്കാൻ നിശ്ചയിച്ച കൊപ്പം എൽ.പി.എസ്സിൽ പെയിന്റിംഗ്, കോലിയക്കോട് യു.പി.എസ് പെയിന്റിംഗ് എന്നീ പ്രവൃത്തികൾ ഗുണഭോക്തൃസമിതി കരാർ വയ്ക്കുകയോ പ്രവൃത്തി നടത്തുകയോ ചെയ്തില്ല. ആലിയാട് സാംസ്കാരിക നിലയം കെട്ടിടത്തിന്റെ മെയിന്റനൻസിനായി 18-19 വർഷം 3,40,643 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പെയിന്റിംഗ്, സ്റ്റെയറിന് ഹാന്റ് റെയിൽ, ഇന്റർലോക്ക്, ടൈൽ പാകൽ, രണ്ടാം നിലയിൽ ഷീറ്റിടൽ എന്നിവ നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി വർക്കിംഗ് ഗ്രൂപ്പിലോ ആസൂത്രണ സമിതിയിലോ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ നിർദ്ദേശമായി ഉയർന്നുവന്നിട്ടില്ല. കെട്ടിടത്തിന്റെ സംരക്ഷണവും തുടർപരിപാലനവും കൃത്യമായി നടത്തുന്നില്ല. കെട്ടിടവും പരിസരവും വൃത്തിഹീനമായ നിലയിലാണ്. ഗ്രാമ സഭയിൽ നിർദ്ദേശമായി ഉയർന്നുവന്നതിനാലാണ് പ്രവൃത്തി നടത്തിയതെന്നും സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 34/27.02.2020ന്റെ മറുപടി). ആസൂത്രണത്തിൽ ഗുണഭോക്താക്കളുടെ സജീവമായ പങ്കാളിത്തം ഉറപ്പാക്കാത്തതിനാലുള്ള അപാകതകളാണിവ.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം ഉറപ്പാക്കി പദ്ധതി ആസൂത്രണവും നിർവ്വഹണവും നടത്തേണ്ടതാണ്.

2) മിക്ക പ്രോജക്ടുകളിലും മോണിറ്ററിംഗ് ഫലപ്രദമല്ല. കോഴിക്കുഞ്ഞ് വിതരണം, ABC പ്രോഗ്രാം, ജലശ്രീ - കിണർ റീ -ചാർജിംഗ് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

3) അപൂർണമായ അപേക്ഷകൾ ലൈസൻസിനായി സ്വീകരിക്കുന്നത് ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ വീഴ്ചയായി കാണുന്നു.

4) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവർത്തിച്ച് നിർദ്ദേശിച്ചിട്ടും ടേഡേഴ്സ് ലിസ്റ്റ് കാലികമാക്കാഞ്ഞത് ഗുരുതരമായ വീഴ്ചയാണ്.

5) നികുതി നിർണയത്തിലും ലൈസൻസ് നൽകുന്നതിലും വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6) മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ വളരെയധികം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നിട്ടുണ്ട്.

7) കന്യാകുളങ്ങര മാർക്കറ്റിലെ പ്രവർത്തനങ്ങളും നിലവിലെ അവസ്ഥയും അവലോകനം നടത്തി, പൊതുജനത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ മാർക്കറ്റിനാവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്

ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.01.2020 | 10/2019 മുതൽ 12/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2017 മുതൽ 13.02.2017 വരെ | 2011-12 മുതൽ 2015-16 വരെ | 11.07.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1456/2019 തീയതി 17.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ നടപടിയില്ല

2018-19 വർഷം തൊഴിൽ നികുതി സംബന്ധമായ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം 2018-19 വർഷം ചുവടെപ്പറയുന്ന കരാറുകാർ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | വിലാസം |
|---|---|---|
| 1 | ശ്രീ.എസ്.ജയകുമാർ | ഇളയിടത്ത് ഹൗസ്, കല്ലറ പി.ഓ |
| 2 | ശ്രീ.രഘുനാഥൻ നായർ | പി.വി.ഹൗസ്, കുതിരകുളം, വെമ്പായം |
| 3 | ശ്രീ.എസ്.ആർ.ദാസ് | ദാസ് ഭവൻ, മണലിമുക്ക്, വെഞ്ഞാറമൂട് |
| 4 | ശ്രീ.എസ്.ജയകുമാർ | ജയശ്രീ ഭവൻ, വെമ്പായം, വെമ്പായം പി.ഓ |
| 5 | ശ്രീ.എസ്.വിശ്വംഭരൻ | വാറുവിളാകത്ത് വീട്, ചെന്തിപ്പൂർ |
| 6 | ശ്രീ.എം.മനാഫ് | തുമ്പാറ ഹൗസ്, കാവറ, വെഞ്ഞാറമൂട് |
| 7 | ശ്രീ.ആർ.സുരേഷ് കുമാർ | പാറയം വീട്, ഏലോട്ടുകോണം, കുതിരകുളം |
| 8 | ശ്രീ.ഷിജു.എസ് | റോഡരികത്ത് വീട്, ഏലോട്ടുകോണം |
| 9 | ശ്രീ.സുരേഷ്.എസ് | അഞ്ജന, തേക്കട, വെമ്പായം |
| 10 | ശ്രീമതി ശാന്തമ്മ | രേവതി, വെമ്പായം, കുതിരകുളം പി.ഓ |
| 11 | ശ്രീ.ഡി.എസ്.വിപിൻദാസ് | ദാസ് ഭവൻ, മണലിമുക്ക് |

| | | |
|---|---|---|
| 12 | ശ്രീ.ജി.സുരേഷ് കുമാർ | സുരേഷ് ഭവൻ, പിച്ചിമംഗലം |
| 13 | ശ്രീ.അനി.സി.ബി | എം.സി.ബി സദനം, ആറാംതാനം, ആനാക്കുടി |
| 14 | ശ്രീ.എസ്.എസ്.സന്തോഷ് കുമാർ | ഷെർലി ഭവൻ, കുനൻവേങ്ങ |
| 15 | ശ്രീ.എസ്.രതീഷ് | ജയശ്രീ ഭവൻ, വെമ്പായം |
| 16 | ശ്രീ.ജി.ഷാജി | പുത്തൻ വീട്, അയണിമൂട്, പോത്തൻകോട് |
| 17 | ശ്രീ.ജി.സുകുമാരൻ നായർ | ജി.എസ് ഹൗസ്, തിട്ടയത്ത് കോണം, ശാന്തിഗിരി |
| 18 | ശ്രീ.എസ്.മണികണ്ഠൻ നായർ | നിഷാന്ത്, തെട്ടിച്ചിറ, അണ്ടൂർകോണം |
| 19 | ശ്രീ.ആർ.അനിൽ | മരയ്ക്കാമുട്ടത്ത് വീട്, നെയ്യാറ്റിൻകര |
| 20 | ശ്രീ.ജി.അനിൽ | അനിൽ നിവാസ്, ഊരൂട്ടമ്പലം |

തൊഴിൽ നികുതി ഒടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കരാറുകാർക്ക് നോട്ടീസ് നൽകുകയോ കരാറുകാർ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

ബി) റേഷൻ ഷോപ്പുകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/25-02-2020) 2018-19 വർഷം ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ലെന്നും നടപ്പു വർഷത്തിൽ ഇവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി വിശദീകരിക്കുന്നു.

23-11-2018 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി (തീരുമാനം നമ്പർ IV) പഞ്ചായത്തിൽ ലഭിക്കേണ്ട തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തുകയും പഞ്ചായത്തിലെ വിവിധ തൊഴിൽ സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടും തൊഴിൽ നികുതി ഈടാക്കാതിരുന്നത് ശരിയായ നടപടി അല്ല. വരും വർഷങ്ങളിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-13 ഓൺലൈൻ നികുതി അടവ് അക്കൗണ്ട് ചെയ്യുന്നതിൽ കാലതാമസം

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത്,സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വെമ്പായം ശാഖയിൽ 67395254470 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതിയ്ക്കുള്ള സഞ്ചയ ഓൺലൈൻ സോഫ്റ്റ്വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 03-04-18 | 1751 | 07-04-18 |

| | | |
|---|---|---|
| 13-05-18 | 28 | 16-05-18 |
| 24-05-18 | 341 | 30-05-18 |
| 16-07-18 | 859 | 21-07-18 |
| 27-07-18 | 342 | 03-08-18 |
| 04-09-18 | 1271 | 07-09-18 |
| 27-11-18 | 346 | 06-12-18 |
| 12-12-18 | 2483 | 18-12-18 |
| 03-01-19 | 2493 | 11-01-19 |
| 20-01-19 | 1324 | 05-02-19 |
| 18-03-19 | 669 | 01-04-19 |
| 20-03-19 | 1836 | 01-04-19 |
| 22-03-19 | 1010 | 01-04-19 |
| 23-03-19 | 410 | 09-04-19 |
| 27-03-19 | 1772 | 09-04-19 |
| 29-03-19 | 478 | 09-04-19 |
| 30-03-19 | 2155 | 09-04-19 |
| 31-03-19 | 409 | 09-04-19 |

ഈ സാങ്കേതിക പിഴവ് മൂലം സാംഖ്യ അക്കൗണ്ടിംഗ് പ്രകാരമുള്ള കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. 18.03.2019 മുതൽ അടവാക്കിയ തുക സാമ്പത്തിക വർഷം അവസാനിച്ച ശേഷം ആണ് പഞ്ചായത്തിൽ ലഭ്യമായത്. പരിഹാര നടപടികൾക്കായി ഈ വിഷയം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-14 നികുതി നിർണയം അപാകങ്ങൾ

എ)വിമുക്ത ഭടൻമാർക്ക് കെട്ടിട നികുതി ഇളവ് - നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ.(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇവരുടെ പേര് വിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററും എഴുതി സൂക്ഷിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം 83 വിമുക്ത ഭടൻമാർക്ക്/വിമുക്ത ഭടൻമാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങളൊന്നും അനുവർത്തിച്ചിട്ടില്ല (അവലംബം ഓഡിറ്റ് എൻക്വയറി നം 05/19.02.2020 ന് സമർപ്പിച്ച മറുപടി).

ബി) മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

സി) വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയ എല്ലാ

കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണയം നടത്തിയിട്ടുള്ളതും വ്യത്യസ്ഥ ഫയലുകളായാണ്.

<u>ഡി) ഫോറം 2, ഫോറം 6 എന്നിവ സൂക്ഷിച്ചിട്ടില്ല</u>

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2018-19 വർഷം നികുതി നിർണയം നടത്തിയ ഫയലുകളിൽ ഫോറം 2, സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 ഉള്ളടക്കം ചെയ്തിട്ടില്ല.

<u>ഇ) കെട്ടിടങ്ങളുടെ വിശദാംശം സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ല</u>

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ ചുവടെപ്പറയുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട് കാണുന്നില്ല. പ്രസ്തുത കെട്ടിടങ്ങൾ UA രജിസ്റ്ററിലും ഡെമോളിഷ്ഡ് കെട്ടിടങ്ങളുടെ കൂട്ടത്തിലും ഉൾപ്പെട്ടിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വാർഡിന്റെ നമ്പരും പേരും | കെട്ടിടനമ്പരുകൾ |
|---|---|---|
| 1 | I (മാണിക്കൽ) | 31,33,55,65,84,85,102,124,125,139,190,270,271,295, 301, 310, 322, 323, 330, 334, 357, 372, 374, 380, 381, 390, 391, 392, 393, 394, 396, 405, 423, 425, 440, 441, 442, 447, 452, 455, 456 |
| 2 | II(ആലിയാട്) | 166, 167, 170, 171, 194, 207, 213, 255, 261, 263, 273, 352, 458, 475, 539, 551, 573, 613, 615, 621, 644 മുതൽ 648 വരെ, 659 മുതൽ 701 വരെ, 703 മുതൽ 718 വരെ |
| 3 | III(മൂളയം) | 35, 40, 41, 45, 46, 49, 55, 57, 59, 67, 72, 80, 107, 113, 115, 116, 117, 122, 127, 129, 132 മുതൽ 136 വരെ, 144, 146, 151, 158, 159, 160, 169, 170, 171, 191, 199, 211, 212, 222, 225, 228, 235, 252, 263, 264, 276, 281, 282, 289, 313, 330, 359, 391, 403, 425, 429, 434, 459, 496, 507, 664, 667, 694, 705, 707, 723 |
| 4 | IV(തൈക്കാട്) | 2, 3, 4, 31, 43, 53, 64, 65, 71, 187, 197, 207, 228, 271, 277, 280, 300, 301, 302, 316, 350, 351, 353 മുതൽ 357 വരെ, 359 മുതൽ 368 വരെ, 374, 399, 402, 406, 463, 472, 484 മുതൽ 546 വരെ, 572, 573, 610, 613, 627, 651, 652, 659, 674, 676, 681, 721 |
| 5 | V(പിരപ്പൻകോട്) | 41, 62, 67, 246, 348, 349, 456, 708 |
| 6 | VI(കുതിരകുളം) | 17, 188, 196, 434, |
| 7 | VII(തലയൽ) | 80, 366, 377, 378, 379, 380 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 8 | VIII (ഇടത്തറ) | 713 മുതൽ 765 വരെ, 522, 524 മുതൽ 712 വരെ |
| 9 | IX(ചിറത്തലയ്ക്കൽ) | 887, 824, 825, 826, 827 |
| 10 | X(വെമ്പായം) | 983, 816 |
| 11 | XI(കട്ടയ്ക്കൽ) | 896, 897, 891 |
| 12 | XII(കൊപ്പം) | 664 മുതൽ 722 വരെ |
| 13 | XV(വേളാവൂർ) | 803 മുതൽ 871 വരെ |
| 14 | XVI(കോലിയക്കോട്) | 800 മുതൽ 909 വരെ, 791 |
| 15 | XVII(കള്ളിക്കാട്) | 44, 49, 64, 113, 119, 120, 198, 202, 210, 211, 272, 273, 306, 307, 308, 316, 317, 320, 357, 394, 395, 427, 449, 450, 459, 478, 505, 506, 513, 557, 562, 571, 584 |
| 16 | XVIII(പൂലന്തറ) | 3, 4, 36, 37, 139, 321, 328, 340, 341, 350, 415, 480 |
| 17 | XIX(ശാന്തിഗിരി) | 2, 399, 441, 453, 483 മുതൽ 523 വരെ, 525 മുതൽ 682 വരെ |
| 18 | XX(തീപ്പുകൽ) | 1, 204 മുതൽ 207 വരെ, 324, 375, 394, 556 മുതൽ 623 വരെ |
| 19 | XXI(കുനിട) | 94, 112, 133, 147, 154, 205, 349, 367 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/20-02-2020) അടുത്ത പ്യൂരിഫിക്കേഷൻ സമയത്ത് പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി പരിഗണനാർഹമല്ല.

23-07-2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി II നമ്പർ തീരുമാന പ്രകാരം ഡാറ്റാ പ്യൂരിഫിക്കേഷൻ അപൂർണമാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്.

<u>എഫ് ) ക്രമവൽക്കരണത്തിന് ലഭിക്കുന്ന അപേക്ഷകളിലെ വർദ്ധനവ്</u>

2018-19 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ, ക്രമവത്കരണ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

2018-19 ൽ ആകെ ലഭിച്ച 778 അപേക്ഷകളിൽ 118 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ് (15%). 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ, നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധനയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1)സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽപ്പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3)അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

4)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതും/ നടത്തേണ്ടതുമാണ്.

# 1-15 പെർമിറ്റ് രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലുകളില്ല - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും കെട്ടിടനിർമാണം പൂർത്തീകരിക്കുമ്പോഴും പുതുക്കുമ്പോഴും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. (ചുരുക്കം ചില പെർമിറ്റുകളുടെ കാര്യത്തിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്). ഇക്കാരണത്താൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷിക്കുവാനും അനധികൃത നിർമ്മാണമുണ്ടെങ്കിൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളാനും സാദ്ധ്യമാകാതെ വരുന്നു. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാതിരിക്കാനും നികുതി ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം സംഭവിക്കാനും സാദ്ധ്യത നിലനിൽക്കുന്നു.

# 1-16 പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അതിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ, പ്ലാൻ എന്നിവ അംഗീകരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകേണ്ടിയിരുന്ന തീയതി | നൽകിയതീയതി |
|---|---|---|---|---|
| 1 | A6-BA(102388) 06-04-2018 | ശ്രീ.സത്യൻ | 05-05-2018 | 25-05-2018 |
| 2 | A6-BA(90629) 06-04-18 | ശ്രീ.ദിലീപ്കുമാർ | 05-05-2018 | 10-05-2018 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 3 | A6-BA(101421) 13-04-18 | ശ്രീ.എം.എസ്.അജിത് കുമാർ | 12-05-2018 | 24-05-2018 |
| 4 | A6-BA(103124) 17-04-18 | ശ്രീ.എം.സുധീർ | 16-05-2018 | 26-05-2018 |
| 5 | A6-BA(103376) 21-04-18 | ശ്രീമതി ആർ.ഉഷ | 21-05-2018 | 26-05-2018 |
| 6 | A6-BA(103308) 23-04-2018 | ശ്രീ.രാജശേഖരൻ | 22-05-2018 | 26-05-2018 |
| 7 | A6-BA(106703) 25-04-2018 | ശ്രീ.എ.ബാബു | 24-05-2018 | 30-05-2018 |
| 8 | A6-BA(123297) 30-04-18 | ശ്രീമതി.സരിത | 29-05-18 | 21-06-2018 |
| 9 | A6-BA(178413) 02-05-18 | ശ്രീമതി മീനാക്ഷി അമ്മ | 01-06-2018 | 07-08-2018 |
| 10 | A6-BA(122387) 03-05-18 | ശ്രീ.രാജഗോപാലൻ നായർ | 02-06-2018 | 20-06-2018 |
| 11 | A6-BA(242661) 03-05-18 | ശ്രീ.കൃഷ്ണപ്രസാദ് | 02-06-2018 | 11-10-2018 |
| 12 | A6-BA(239800) 04-05-2018 | ശ്രീ.ആർ.കെ.ബൈജു | 03-06-2018 | 08-10-2018 |
| 13 | A6-BA(145477) 23-05-18 | ശ്രീ.മനോജ് കുമാർ | 24-06-18 | 13-07-2018 |
| 14 | A6(BA161637) 23-05-18 | ശ്രീ.ജീന.കെ.എം.നായർ | 22-06-18 | 26-07-2018 |
| 15 | A6(BA132198) 25-05-18 | ശ്രീ.പ്രദീപ് കുമാർ | 24-06-18 | 02-07-2018 |
| 16 | A6(BA132073) 26-05-18 | ശ്രീ.ജഗദീശൻ | 25-06-18 | 02-07-18 |
| 17 | A6(BA157389) 11-06-18 | ശ്രീ.സുഹൈൽ കുഞ്ഞ് | 10-07-18 | 23-07-2018 |
| 18 | A6(BA178369) 19-06-18 | ശ്രീ.വിജയമ്മ | 18-07-2018 | 07-08-2018 |
| 19 | A6(BA195055) 19-06-18 | ശ്രീ.രാധാമണി | 18-07-2018 | 23-08-2018 |
| 20 | A6(BA 197360) 26-06-2018 | ശ്രീമതി.രത്നമ്മ | 25-07-18 | 30-08-2018 |
| 21 | A6(BA235231) 17-08-2018 | ശ്രീ.അനീഷ് | 16-09-2018 | 02-10-18 |

| | | | | |
|---|---|---|---|---|
| 22 | A6(BA240024) 17-08-2018 | ശ്രീ.ദാമോദരൻ | 16-09-2018 | 08-10-2018 |

പദ്ധതി നിർവ്വഹണത്തിന്റെ തിരക്കും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഫയലുകൾ തിരികെ ലഭിക്കുന്നതിനുള്ള കാലതാമസവും മൂലമാണ് ഇപ്രകാരം തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്ന് സെക്രട്ടറി വിശദീകരിക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 14/20-02-2020). വരും വർഷങ്ങളിൽ പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-17 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിലെ വീഴ്ച

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധമായ അപേക്ഷകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല

2017-18 വർഷം വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവത്തിൽ പ്രസ്തുത സാമ്പത്തിക വർഷം പ്രവർത്തിച്ച എല്ലാ സ്ഥാപനങ്ങളും 2018-19 ൽ ലൈസൻസ് പുതുക്കിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താനാകുന്നില്ല. 2018-19 വർഷവും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 21 വാർഡുകൾ നിലവിലുണ്ടെങ്കിലും 14 വാർഡുകളിലെ വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ മാത്രമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്ഥാപനങ്ങളുടെ പേര് വിവരം മാത്രമാണ് രജിസ്റ്ററിൽ ഉള്ളത്. ഫീസ് ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. പ്രസ്തുത രജിസ്റ്ററിൽ നല്ലൊരു ശതമാനം സ്ഥാപനങ്ങളുടെയും റിമാർക്സ് കോളത്തിൽ തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ലെന്നും രേഖപ്പെടുത്തിയിരിക്കുന്നു. സമാനമായ അപാകത 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-1 ആയി പരാമർശിച്ചിട്ടുള്ളതാണ്. 16-06-2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ 2(3) നമ്പർ തീരുമാനമായി പൂർണമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 15-10-2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന്റെ പുരോഗതി വിലയിരുത്തുകയും നിലവിലും നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്നുവെന്നും ഇക്കാരണത്താൽ അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്ന് വീണ്ടും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 23-11-2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും (തീരുമാനം നമ്പർ (III) ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

നിലവിൽ 14 വാർഡുകളുടെ ട്രേഡേഴ്സ് ലിസ്റ്റ് എഴുതി പൂർത്തിയാക്കിയെന്നും ബാക്കിയുള്ള വാർഡുകളിലെ ലിസ്റ്റ് തയ്യാറാക്കുന്ന നടപടിക്രമങ്ങൾ നടന്നു വരുന്നതായും സെക്രട്ടറി അറിയിച്ചു (ഓഡിറ്റ് എൻക്വയറി നമ്പർ 19/25-02-2020ന്റെ മറുപടി). ഓഡിറ്റ് റിപ്പോർട്ടിൽ പരാരമർശിച്ച്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായ ശേഷവും ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയത് ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ബി) ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ല

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

എന്നാൽ ചുവടെപ്പറയുന്ന അപേക്ഷകർ ലൈസൻസ് പുതുക്കുന്നതിനായി മേൽ പരാമർശിച്ച സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | ലൈസൻസ് പുതുക്കി നൽകാൻ അപേക്ഷിച്ച തീയതി |
|---|---|---|
| 1 | ശ്രീ. എസ്. അശോകൻ, അശ്വതി ഹോട്ടൽ | 03.04.2018 |
| 2 | ശ്രീമതി അംബിക ജെ, സ്റ്റേഷനറി കട | 16.07.2018 |
| 3 | ശ്രീ. അബ്ദുൾ അസീസ്, ചുരിദാർ കട | 18.05.2018 |
| 4 | ശ്രീമതി ശ്രീജകുമാരി എസ്, ഹോട്ടൽ | 19.05.2018 |
| 5 | ശ്രീ. അബ്ദുൾ റഷീദ്, പ്രൊവിഷൻ സ്റ്റോർ | 20.04.2018 |
| 6 | ശ്രീമതി ഗിരിജ എൽ ബി, ശ്രീഗിരി ബേക്കറി &ഫുഡ് കോർണർ | 30.04.2018 |
| 7 | ശ്രീ. അനിൽ കുമാർ വി, അനശ്വര ഹോം അപ്ലയൻസ് | 16.04.2018 |
| 8 | ശ്രീ. സുദർശൻ വി, ചിത്തിര സ്വീറ്റ്സ് & ചിത്തിര പിക്കിൾസ് | 30.04.2018 |
| 9 | ശ്രീ. കെ മുരളീധരൻ നായർ, മോഡേൺ ക്ലിനിക്കൽ ലബോറട്ടറി | 24.04.2018 |
| 10 | ശ്രീ. സജാദ് എ എഫ്, ന്യൂ ഫാഷൻ ടെക്സ്റ്റയിൽസ് | 02.05.2018 |

ഇവരിൽ നിന്നും ബിലേറ്റഡ് ഫീ ഈടാക്കിയിട്ടുണ്ടെന്നാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 29/26-02-2020ന്റെ മറുപടി). എന്നാൽ ഇതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

<u>സി) സ്ഥലപരിശോധന റിപ്പോർട്ടുകൾ അപൂർണം</u>

ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ സ്ഥല പരിശോധന നടത്തി വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോയെന്നും അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ലായെന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണോയെന്നും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്നും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെപ്പറഞ്ഞിട്ടുള്ള അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം |
|---|---|
| 1 | ശ്രീമതി അംബിക ജെ, സ്റ്റേഷനറി കട |
| 2 | ശ്രീ. അബ്ദുൾ അസീസ്, ചുരിദാർ കട |
| 3 | ശ്രീ. എ അബ്ദുൾ ഖരീം, എം എസ് ട്രേഡേഴ്സ് |
| 4 | മാനേജർ, റബ്ബർ മാർക്കറ്റിംഗ് & പ്രൊസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടി-1291 |
| 5 | ശ്രീ. കെ വിശ്വംഭരൻ നായർ, കെ വി സ്റ്റോഴ്സ് |
| 6 | ശ്രീ. ശ്രീധരൻപിള്ള, ശ്രീജ റൈസ് & ഫ്ലോർ മിൽ |
| 7 | ശ്രീ. എസ് ഹാഷിം, പൗൾട്രി ഫാം |
| 8 | ശ്രീമതി ശ്രീജ എസ്, രവീന്ദ്ര സ്റ്റോഴ്സ് |
| 9 | ശ്രീ. എ ബദറുദ്ദീൻ, എ ബി സ്റ്റേഷനറി & ഫുട് വെയർ |
| 10 | ശ്രീ. അബ്ദുൾ റഹീം എ, അറഫാ സ്റ്റോഴ്സ് |

അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ലാത്തവരിൽ നിന്നും തൊഴിൽനികുതി എപ്രകാരമാണ് നിർണയിച്ച് ഈടാക്കിയതെന്ന് വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/26-02-2020) ലൈസൻസിനായി അപേക്ഷ നൽകുമ്പോൾ അപേക്ഷകർ തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയല്ല സമർപ്പിക്കുന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അപൂർണമായ അപേക്ഷകൾ സ്വീകരിക്കാനിടവന്നത് ഫ്രണ്ട് ഓഫീസ് സംവിധാനത്തിലെ വീഴ്ചയായി ഓഡിറ്റ്

വിലയിരുത്തുന്നു. വരും വർഷങ്ങിൽ മേൽ അപാകത പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളുമെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ പൂർണമായി രേഖപ്പെടുത്തൽ വരുത്തിയ ലൈസൻസ് അപേക്ഷകൾ മാത്രം സ്വീകരിച്ച് തീർപ്പ് കല്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

<u>ഡി) മൂലധനം രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകൾ</u>

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം |
|---|---|
| 1 | ശ്രീമതി അശ്വതി.യു, അമി ഫുഡ്സ് |
| 2 | ശ്രീ. അബ്ദുൾ അസീസീ, ചുരിദാർ കട |
| 3 | ശ്രീമതി ശ്രീജകുമാരി.എസ്, ഹോട്ടൽ |
| 4 | ശ്രീമതി ചന്ദ്രിക .ആർ, കോഴി ഇറച്ചി വില്പന |
| 5 | മാനേജർ, റബ്ബർ മാർക്കറ്റിംഗ് & പ്രൊസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടി-1291 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ റൂൾ2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസിനത്തിൽ 465 അപേക്ഷകരിൽ നിന്നും, 160672 രൂപ ഈടാക്കിയിട്ടുണ്ട്. മുതൽമുടക്ക് എത്രയാണെന്ന് എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക എപ്രകാരമാണ് ഈടാക്കിയതെന്ന് സംബന്ധിച്ച് വ്യക്തതയില്ല.

<u>ഇ) പുതുക്കിയ അനുബന്ധ സർട്ടിഫിക്കറ്റുകൾ കടയുടമയിൽ നിന്നും സമയബന്ധിതമായി വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല</u>

അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന വിവിധ സർട്ടിഫിക്കറ്റുകൾ (മലനീകരണ നിയന്ത്രണ ബോർഡ്, IMAGE) സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനുമുൻപ് കാലാവധി അവസാനിക്കുന്ന സംഗതിയിൽ പുതുക്കിയ സർട്ടിഫിക്കറ്റ് സ്ഥാപന ഉടമയിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതണ്. എന്നാൽ ചുവടെപ്പരാമർശിക്കുന്ന സ്ഥാപന ഉടമകളിൽ നിന്നും പുതുക്കിയ സർട്ടിഫിക്കറ്റ് ഇപ്രകാരം വാങ്ങി സൂക്ഷിച്ചിട്ടില്ല.

| നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | സർട്ടിഫിക്കറ്റിന്റെ കാലാവധി |
|---|---|---|
| 1 | ശ്രീമതി പ്രിൻസി സജി, ഗ്രോമോർ ഫുഡ് പ്രോഡക്ട്സ് | 15.05.2018 |
| 2 | ശ്രീ. സദാശിവൻ നായർ, റൈസ് & ഫ്ലോർ മിൽ | 30.04.2018 |
| 3 | ശ്രീ. വിജയനാഥൻ നായർ, സൺ ഹോളോ ബ്രിക്സ് | 30.09.2018 |
| 4 | ശ്രീ. എസ് മാഹിൻ, എ എ ഹോളോ ബ്രിക്സ് | 28.02.2019 |

| | | |
|---|---|---|
| 5 | ഫാദർ ജോസ് കിഴക്കേടത്ത്, സെന്റ്. ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ | 31.05.2018 |
| 6 | ശ്രീ. പ്രതീഷ്, പ്രതീഷ് എഗ്ഗർ നഴ്സറി | 31.08.2018 |
| 7 | സ്വാമി ചൈതന്യ ജ്ഞാന തപസ്വി, ശാന്തിഗിരി ആയുർവേദ & സിദ്ധവൈദ്യശാല | 30.11.2018 |
| 8 | ശ്രീ. എം. അബ്ദുൾ സമദ്, ബിസ്മില്ലാ റൈസ് & ഫ്ലോർ മിൽ | 31.10.2018 |

ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ചില സ്ഥാപന ഉടമകൾ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ടെന്നും വരുംവർഷങ്ങളിൽ ലൈസൻസ് കാലാവധിക്കുള്ളിൽ സമയപരിധി കഴിയുന്ന അനുബന്ധ സർട്ടിഫിക്കറ്റുകൾ കൃത്യമായി വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. അനുബന്ധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി പുതുക്കി ലഭ്യമാക്കാത്ത കടയുടമകൾക്കെതിരെ നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

<u>എഫ്)ലൈസൻസ് മുൻകാലപ്രാബല്യത്തോടെ പുതുക്കി നൽകുന്നു</u>

നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുൻപ് പുതുക്കേണ്ടതുണ്ട്. സമയബന്ധിതമായി പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുന്നതടക്കമുള്ള നടപടിക്രമങ്ങൾ അനുവർത്തിക്കാൻ ഗ്രാമപഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. കടയുടമ വൈകി സമർപ്പിക്കുന്ന അപേക്ഷകളിൽ ലൈസൻസ് കാലാവധി അവസാനിച്ച് അപേക്ഷ സമർപ്പിക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് നിയമാനുസൃത പിഴ ഈടാക്കി മാത്രം തുടർന്നുള്ള കാലയളവിലേക്ക് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ മുൻകാല പ്രാബല്യത്തോടെ ലൈസൻസ് പുതുക്കി നൽകാൻ വ്യവസ്ഥയില്ല. എന്നാൽ ചുവടെചേർക്കുന്ന അപേക്ഷകളിൽ ലൈസൻസ് മുൻകാല പ്രാബല്യത്തോടെ പുതുക്കി നൽകി.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് (സ്ഥാപനത്തിന്റെ പേര്) | നിലവിലുണ്ടായിരുന്ന ലൈസൻസ് അവസാനിച്ച തീയതി | ലൈസൻസ് പുതുക്കി നൽകാൻ അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | എം ഉദയകുമാർ, ന്യൂ സലൂൺ | 31.03.2014 | 28.03.2019 |
| 2 | ശ്രീജാകുമാരി, പലചരക്ക് കട | 31.03.2017 | 06.02.2019 |
| 3 | എൻ അബ്ദുൾ കരീം, സംസം ഫർണീച്ചർ | 31.03.2017 | 07.03.2019 |
| 4 | അബ്ദുൾ റഹീം, ഫാത്തിമ ചിക്കൻ സ്റ്റാൾ | 31.03.2017 | 19.02.2019 |
| 5 | സജിത്ത് എസ് എ, സാബിത്ത് ബിൽഡിംഗ് മെറ്റീരിയൽസ് | 31.03.2017 | 08.03.2019 |
| 6 | മുഹമ്മദ് ഹിജാസ്, ഇൻസ്പെയർ കമ്പ്യൂട്ടിംഗ് സൊല്യൂഷൻസ് | 31.03.2017 | 05.12.18 |
| 7 | ധനലക്ഷ്മി, ടെയിലറിംഗ് ഷോപ്പ് | 31.03.2017 | 03.10.2018 |
| 8 | കെ രാജീവ്, അമ്മ ഇലക്ട്രിക്കൽസ് | 31.03.2016 | 20.07.2018 |
| 9 | എസ് ശാന്തമ്മ, രേവതി പെയിന്റ്സ് & കൺസ്ട്രക്ഷൻസ് മെറ്റീരിയൽസ് | 31.03.2017 | 24.10.2018 |
| 10 | പ്രസാദ് ആർ, മഹാദേവ എൻജിനീയറിംഗ് | 31.03.2016 | 16.03.2017 |

പ്രസ്തുത അപേക്ഷകർക്ക് മുൻകാല പ്രാബല്യത്തോടെ ലൈസൻസ് പുതുക്കി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുൻവർഷങ്ങളിൽ ലൈസൻസ് വാങ്ങാത്തവരിൽ നിന്നും ലൈസൻസ് പുതുതായി നൽകുന്നതിനുള്ള അപേക്ഷ വാങ്ങുകയാണ് ചെയ്യുന്നതെന്നും വരും വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിച്ച് പൂർണമായും ലൈസൻസ് നൽകുന്നതാണെന്നും സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത മറുപടി പരിഗണനാർഹമല്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16-06-2018 ലെ 2(3) നമ്പർ തീരുമാനത്തിലും 23-07-2018 ലെ II നമ്പർ തീരുമാനത്തിലും ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമല്ലെന്ന് നിരീക്ഷിക്കുകയും ഇക്കാര്യത്തിൽ സത്വര നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടും മേൽ പരാമർശിച്ച അപാകതകൾ സംഭവിച്ചത് ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയും മേൽനോട്ടക്കുറവുമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-18 സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകൽ - നടപടിക്രമങ്ങളിലെ വീഴ്ച

2018-19 വർഷം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് (സ്ഥാപനത്തിന്റെ പേര്) | ലൈസൻസ് നൽകിയ / പുതുക്കി നൽകിയ തീയതി |
|---|---|---|
| 1 | ശ്രീ.കെ.മുരളീധരൻ നായർ<br>(ക്ലിനിക്കൽ ലാബ്) | 24-04-2018 |
| 2 | ശ്രീമതി പാർവ്വതി ശ്രീരാജ്<br>(ശ്രുവണ സഹായികളുടെ വില്പന) | 19-04-2018 |
| 3 | ഡോ.അജിത് ജോയ്<br>(ക്ലിനിക്കൽ ലബോറട്ടറി) | 04-04-2018 |
| 4 | സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി<br>(ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) | 12-06-2018 |
| 5 | സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി | 12-06-2018 |
| 6 | സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി<br>(സിദ്ധ മെഡിക്കൽ കോളേജ്) | 12-06-2018 |
| 7 | സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി<br>(ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) | 12-06-2018 |
| 8 | ശ്രീ.എസ്.ഷിയാസ്<br>(ഡെന്റൽ ക്ലിനിക്) | 18-06-2018 |
| 9 | സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി<br>(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്) | 12-06-2018 |
| 10 | സ്വാമി രാമ പാദാനന്ദ സരസ്വതി<br>(ആയുർവേദ ആശുപത്രി) | 24-10-2018 |
| 11 | ശ്രീ.മഹേഷ്.എം.റ്റി<br>(ലൈഫ് കെയർ മിഷൻ ഹോസ്പിറ്റൽ) | 23-11-2018 |
| 12 | ശ്രീമതി ആരതി.കെ<br>(എസ്.എം.സി ലബോറട്ടറി) | 11-01-2019 |

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപതികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ) ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ

പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി പുതുക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെയോ രജിസ്ട്രേഷന്റെ കാലാവധിക്ക് ശേഷമോ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്ന പക്ഷം 5000/- രൂപ പിഴചുമത്തേണ്ടതും കുറ്റം തുടരുന്ന ഓരോ ദിവസവും 500/- രൂപ വരെ ആകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്. 2018 മാർച്ച് 31 ൽ ലൈസൻസ് കാലാവധി അവസാനിച്ച് തുടർന്നും പ്രവർത്തിച്ച കാലയളവിൽ (ലൈസൻസ് പുതുക്കി നേടുന്നതുവരെയുള്ള) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ഇപ്രകാരം പിഴ ചുമത്തേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

പുതുതായി ഗ്രാമപഞ്ചായത്തിൽ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതിനായി ഫോറം 1 ൽ അപേക്ഷിക്കേണ്ടതാണ്. ലൈസൻസ് നൽകിയ /പുതുക്കി നൽകിയ സ്ഥാപനങ്ങളുടെ വിശദാംശം ഫോറം 2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ 2018-19 വർഷം അനുവർത്തിച്ചതായി കാണുന്നില്ല.

കുറ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ലെന്നും ഇക്കാരണത്താൽ പിഴ ഈടാക്കിയിട്ടില്ലെന്നും വരും വർഷങ്ങളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കുന്നതാണെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/25.02.2020ന്റെ മറുപടി). മറ്റ് അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ പൂർണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അനധികൃതമായി നിർമിച്ച കെട്ടിടത്തിൽ വ്യാപാര സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ച് നൽകി

ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ സർവ്വേ നമ്പർ 48/11 നമ്പർ വസ്തുവിൽ വാണിജ്യ സ്ഥാപനം നിർമ്മിക്കുന്നതിന് ശ്രീ.ഷിഹാബുദ്ദീൻ എന്ന വ്യക്തിക്ക് 17-01-2012 ൽ നിർമ്മാണ അനുമതി നൽകി (പെർമിറ്റ് നമ്പർ A5/42/2012). കെട്ടിട നിർമ്മാണം നടന്നുവരവേ നിർമ്മാണം പുരോഗമിക്കുന്ന വസ്തുവിന് മുകളിലായി മൂന്ന് നിലകൾ കൂടി നിർമ്മിക്കാൻ 04-06-2013 ൽ പെർമിറ്റ് അനുവദിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയായതിനെതുടർന്ന് 04-06-2013 ൽ 71071 രൂപ നികുതി നിർണയിച്ച് നമ്പർ നൽകുകയും ചെയ്തു. 2014-15 മുതൽ 2016-17 വരെ പ്രസ്തുത നിരക്കിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ അനുമതിയും നികുതി നിർണയവുമായി ബന്ധപ്പെട്ട് ചുവടെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തിയിരുന്നു.

1. ഗ്രാമപഞ്ചായത്ത് കാറ്റഗറി 1 വിഭാഗത്തിൽ ഉൾപ്പെടുന്നതാകയാൽ അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ റേഷ്യോ 2 ആയിരിക്കെ 2.89 എഫ്.എ.ആർ പ്രകാരമുള്ള നിർമ്മാണത്തിന് അനുമതി നൽകി.

2. ഇത് പ്രകാരം നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി ചതുരശ്രമീറ്റർ 1558.9 ആയിരിക്കെ 2253.79 ചതുരശ്രമീറ്റർ നിർമ്മിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W(c) പ്രകാരം കെട്ടിട നിർമ്മാണം അനധികൃത നിർമ്മാണം ആകയാൽ അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾ പൊളിച്ചു നീക്കി, ആവശ്യമായ മാറ്റങ്ങൾ വരുത്തി ക്രമപ്പെടുത്തുന്നതുവരെ കെട്ടിടത്തെ അനധികൃത നിർമ്മാണമായി കണക്കാക്കേണ്ടതും സെക്ഷൻ 235 എഎ വകുപ്പ് പ്രകാരം വസ്തു നികുതി നിർണയിക്കേണ്ടതാണെന്നും ഇതു പ്രകാരം 2014-15 മുതൽ 2016-17 വരെയുള്ള കാലയളവിലേക്ക് നികുതി പിഴ ഉൾപ്പെടെ പുനർ നിർണയിച്ച് കുടിശ്ശികയായി 639639 ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

19-12-2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിഷയം ചർച്ച ചെയ്യുകയും ഇതിന്മേൽ പരിശോധന നടത്തി നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു. ആവശ്യമെങ്കിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 18-01-2019 ൽ സെക്രട്ടറി ശ്രീ.ഷിഹാബുദ്ദീന് നോട്ടീസ് നൽകിയെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചില്ല (അവലംബം - ഫയൽ നമ്പർ എ6-11055/18).

പ്രസ്തുത കെട്ടിടത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിരിക്കുന്ന വിവിധ കെട്ടിടനമ്പരുകളിൽ (IX/ 337 A,B,C,D,E,F,G,H,I,J,K,L,M,N) 2018-19, 2019-20 വർഷങ്ങളിൽ വിവിധ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ ലൈസൻസ് നൽകിയിട്ടുണ്ട്. കെട്ടിടത്തെ അനധികൃത നിർമ്മാണ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുപാതികമായ വർദ്ധിപ്പിച്ച നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയിട്ടുമില്ല. അനധികൃത നിർമ്മാണമെന്ന് കണ്ടെത്തി ഗ്രാമപഞ്ചായത്ത് നടപടി ആരംഭിച്ച സ്ഥാപനത്തിൽ തുടർന്നും വാണിജ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ ലൈസൻസ് നൽകിയ നടപടി 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 20(2)-ാം ചട്ടത്തിന് വിരുദ്ധമാണ്. കെട്ടിട ഉടമയെ ഉടനെ നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ആവശ്യമെങ്കിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ അനുവർത്തിക്കുന്നതാണെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 41/28-02-2020ന്റെ മറുപടി). പ്രസ്തുത നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതും ഇതിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും മോണിട്ടർ ചെയ്യേണ്ടതുമാണ്.

## 1-20 ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ഉത്തരവ് നമ്പർ 07/2016/ഫിൻ തീയതി 20.01.2016 പ്രകാരം 01.04.2013 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ചുവടെ ചേർക്കുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 2018-19 വർഷം (മൂന്ന്, നാല് ഗഡുക്കൾ) അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക | മൂന്നാം ഗഡു | വൗച്ചർ നമ്പർ, തീയതി | നാലാം ഗഡു | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1 | ശ്രീ.ബിജിജോസഫ് | അസി.സെക്രട്ടറി | 37819 | 21800318 11-06-18 | 36484 | 21800773 03-10-2018 |
| 2 | ശ്രീ.കെ.ഹുസൈൻ | അക്കൗണ്ടന്റ് | 22352 | | 21562 | |
| 3 | ശ്രീമതി.ഷമീമ ബീവി | ക്ലർക്ക് | 11880 | | 11461 | |
| 4 | ശ്രീമതി ബിന്ദുലേഖ.എസ് | ജൂനിയർ സൂപ്രണ്ട് | 21567 | 21800317 11-06-18 | 20805 | |
| 5 | ശ്രീ.ഷിജി.എസ്.ജെ | സീനിയർ ക്ലർക്ക് | 15066 | | 14534 | |
| 6 | ശ്രീമതി എൽ.വി.ജയശ്രീ | സീനിയർ ക്ലർക്ക് | 14955 | | 14427 | |
| 7 | ശ്രീമതി ബിന്ദുലേഖ.വി | സീനിയർ ക്ലർക്ക് | 14207 | | 13705 | |
| 8 | ശ്രീമതി ബീന റാണി | ലൈബ്രേറിയൻ | 18992 | | 18321 | |
| 9 | ശ്രീ.എം.എസ്.രാജേഷ് | ഓഫീസ് അസിസ്റ്റന്റ് | 16770 | | 16178 | |
| 10 | ശ്രീ.റ്റി.വി.രാജീവ് | ഓഫീസ് അസിസ്റ്റന്റ് | 15687 | | 15133 | |
| 11 | ശ്രീ.വി.ജെ.ഹരിപ്രസാദ് | ക്ലർക്ക് | 12826 | | 12373 | |
| [illegible] | [illegible] | [illegible] | [illegible] | | [illegible] | |

| | | | | | | |
|---|---|---|---|---|---|---|
| 12 | ശ്രീ.എം.അരുൺ | ക്ലർക്ക് | 1296 | | 1250 | |
| 13 | ശ്രീമതി കെ.എസ്.രമ്യ | ക്ലർക്ക് | 4713 | | 4546 | |
| 14 | ശ്രീമതി എൽ.പ്രസന്നകുമാരി | പി.റ്റി.എസ് | 6413 | | 6187 | |
| 15 | ശ്രീ.കെ.രാമൻ പിള്ള | പി.റ്റി.എസ് | 6413 | | 6187 | |
| 16 | ശ്രീമതി പി.കൃഷ്ണമ്മ | പി.റ്റി.എസ് | 6413 | | 6187 | |
| 17 | ശ്രീമതി ലീലാംബിക | പാർട്ട് ടൈം ആയ | 4804 | | 4634 | |
| ആകെ | | | 232173 | ആകെ | 223974 | |

ആനുപാതികമായ പെൻഷൻ തുക ഒടുക്കി അറിയിക്കേണ്ടതാണ്.

# 1-21 മതിയായ രേഖകളില്ലാതെ ആനുകൂല്യ വിതരണം

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ പ്രോജക്ടിൽ നിഷ്കർഷിക്കും പ്രകാരമുള്ള സ്ഥല വിസ്തൃതി ഉറപ്പാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 141/18-19 |
| പ്രോജക്ടിന്റെ പേര് | ജൈവ പച്ചക്കറി കൃഷി |
| അടങ്കൽ | 322800/-<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 282000/- |
| ബിൽ നമ്പർ | 02/09.08.2018തുക 45000 |
| | 06/29.08.2019 തുക 237000 |

പ്രോജക്ട് പ്രകാരം മിനിമം 15 സെന്റ് സ്വന്തം വസ്തുവോ 25 സെന്റ് പാട്ടത്തിനെടുത്ത വസ്തുവോ ഉണ്ടായിരിക്കണമെന്നും അവിടെ കൃഷി ഉണ്ടായിരിക്കണമെന്നുമുണ്ട്. എന്നാൽ താഴെപ്പറയുന്നഗ്രൂപ്പുകൾക്ക് നിശ്ചിത ഭൂമിയോ പാട്ട രേഖകളോ ഇല്ലാതിരിന്നിട്ടും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. വൗച്ചറുകളിൽ രേഖപ്പെടുത്തലുകളില്ല. ഗ്രൂപ്പിലെ അംഗങ്ങളുടെ വിവരമോ പാട്ടക്കരാറോ ലഭ്യമല്ല

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ശക്തി J L G, പിരപ്പൻകോട് |
| 2 | നിധി J L G, പിരപ്പൻകോട് |
| 3 | എസ്. എം കുടുംബശ്രീ – പ്ലാക്കീഴ്, പിരപ്പൻകോട് |
| 4 | സംസം കുടുംബശ്രീ – പ്ലാക്കീഴ്, പിരപ്പൻകോട് |
| 5 | സൂര്യകാന്തി കുടുംബശ്രീ, ശാന്തിഗിരി, ചെറുവല്ലി |
| 6 | നവമി കുടുംബശ്രീ |

മിനിമം 20 സെന്റ് വസ്തുവിൽ പച്ചക്കറി കൃഷി ചെയ്തവർക്കാണ് ആനുകൂല്യം നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 26/26.02.2020ന്റെ മറുപടി).

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 141/18-19 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീടുകൾ - ഹരിതഭവനം |
| അടങ്കൽ | 420,000/-(വികസന ഫണ്ട് ജനറൽ)<br>420,000/-(ജില്ലാപഞ്ചായത്ത് വിഹിതം) 840,000/-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 140,000/-(വികസന ഫണ്ട് ജനറൽ)<br>154000/-(ജില്ലാപഞ്ചായത്ത് വിഹിതം)<br>26080/-(ഗുണഭോക്തൃ വിഹിതം) |

പ്രോജക്ട് പ്രകാരം മിനിമം 15 സെന്റ് സ്വന്തം വസ്തുവും വീടും, കിണറുമുണ്ടാകണം. ഈ 15 സെന്റിന് പുറമേ 25 സെന്റ് വസ്തു സ്വന്തമായുള്ളതോ പാട്ടത്തിനെടുത്തതോ ഉണ്ടായിരിക്കണം. അവിടെ കൃഷി ഉണ്ടായിരിക്കണം. എന്നാൽ താഴെപ്പറയുന്നവർക്ക് നിശ്ചിത ഭൂമി ഇല്ലാതിരിന്നിട്ടും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര്, വിലാസം | വസ്തുവിന്റെ അളവ് |
|---|---|---|
| 1 | മുഹമ്മദ് ബഷീർ<br>സജിത മൻസിൽ<br>പേരയത്തുമുകൾ, പിരപ്പൻകോട് | 21 സെന്റ് |
| 2 | മാജിദാ ബീവി<br>ജസ്ന മൻസിൽ, പാലോട്ടുകോണം, ശാന്തിഗിരി | 24 സെന്റ് |
| 3 | ശ്രീകണ്ഠൻ നായർ<br>പുതുവീട്ടിൽ (കാപ്പിച്ചിറകോണത്ത് വീട്) കോലിയക്കോട് | 22 സെന്റ് |
| 4 | സരസ്വതി അമ്മ<br>സരസ്വതി വിലാസം<br>കോലിയക്കോട്, വെഞ്ഞാറമൂട് | 10 സെന്റ് |
| 5 | ഷമീന ബീവി<br>ആലുവിള വീട്, കിണറ്റുമൂട്, കോലിയക്കോട് | 26സെന്റ് |
| 6 | ചന്ദ്രികയമ്മ<br>സഞ്ജയ് ഭവൻ, മൂളയം, ആലിയാട് | 37.5സെന്റ് |
| 7 | സുമിയ ബീവി<br>ഷമീർ മൻസിൽ<br>ചെറുവല്ലി, ശാന്തിഗിരി | 34സെന്റ് |
| 8 | ഷാഹുമൽ ഹമീദ്<br>ഹസിന മൻസിൽ, ചെറുവല്ലി, ശാന്തിഗിരി | 34 സെന്റ് |

20 സെന്റ് വസ്തു ഉള്ളവർക്കാണ് ആനുകൂല്യം നൽകിയതെന്നും ക്രമ നമ്പർ 4ലെ ഗുണഭോക്താവിന് കുടുംബവസ്തു പ്രകാരമാണ് ആനുകൂല്യം നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 27/26.02.2020ന്റെ മറുപടി). എന്നാൽ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കൃഷി സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ച് ആനുകൂല്യം നൽകാനും ആവശ്യമായ രേഖകൾ സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-22 ജലശ്രീ - മോണിറ്ററിംഗ് നടത്തിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 145/18-19 |
| പ്രോജക്ടിന്റെ പേര് | ജലശ്രീ കിണർ റീചാർജ്ജിംഗ്(എസ്. സി) |
| അടങ്കൽ | 200000/-<br>(വികസനഫണ്ട് - എസ്.സി.പി)<br>80000<br>(ബ്ലോക്ക് വിഹിതം)<br>120000(ജില്ലാ വിഹിതം) |
| ചെലവ് | 8000/- (വികസനഫണ്ട് -SCP) |
| ബിൽ നമ്പർ | 05/ 25.09.2018 തുക 8000 |
| നിർവ്വഹണം | കൃഷി ഓഫീസർ |

എ) ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതിക പരിചയമുള്ളവരുടെ റിപ്പോർട്ട് ലഭ്യമല്ല.

| | |
|---|---|
| 1 | പുഷ്പ. കെ<br>പാറയിൽ വീട്, അണ്ണൽ, പിരപ്പൻകോട് |
| 2 | രജനി. ബി. എസ്<br>ചിറത്തലയ്ക്കൽ, കുതിരകുളം |

ബി)കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലൊന്നിലും മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല.

മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്
( എൻക്വയറി നമ്പർ 28 /26.02.2020ന്റെ മറുപടി).

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രോജക്ടുകളുടെ നിരീക്ഷണം നടത്തേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 തെരുവ് നായ നിയന്ത്രണം - പ്രവർത്തനം സുതാര്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/19 |
| പേര് | ABC പ്രോഗ്രാം |
| അടങ്കൽ തുക | 109200 (വികസന ഫണ്ട്) |
| ചെലവ് തുക | 109200 |
| [illegible] | [illegible] |

| | |
|---|---|
| ബിൽ നമ്പർ | 05/10.08.2018 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

പ്രോജക്റ്റ് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തെരുവ് നായ നിയന്ത്രണത്തിന് കുടുംബശ്രീക്ക് കൈമാറിയ ഫണ്ടിന്റെ ചെലവ് വിവരം, വന്ധ്യംകരണം നടത്തിയ കുടുംബശ്രീ ഗ്രൂപ്പിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.
2. വന്ധ്യംകരണം നടത്തപ്പെട്ട നായകളുടെ വിവരങ്ങൾ പ്രതിപാദിക്കുന്ന പത്രിക ലഭ്യമാക്കിയില്ല.
3. നായകൾക്ക് ഭക്ഷണം നൽകിയതിന്റെയും വാഹനം ഉപയോഗിച്ചതിന്റെയും മോണിട്ടറിംഗ് നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

ജീവചൈതന്യ കുടുംബശ്രീ ഗ്രൂപ്പാണ് വന്ധ്യംകരണത്തിന് നേതൃത്വം നൽകിയതെന്നും ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ലായെന്നും മൃഗാശുപത്രിയിലെ സ്റ്റാഫ് പ്രവർത്തനം മോണിറ്റർ ചെയ്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 35/27.02.2020ന്റെ മറുപടി). എന്നാൽ ഇതിന് ഉപോൽബലകമായ രേഖകൾ ഹാജരാക്കിയില്ല.

പദ്ധതി നിർവഹണത്തിനായി പണം കുടുംബശ്രീക്ക് കൈമാറുന്നതല്ലാതെ യാതൊരു വിധ മോണിട്ടറിംഗും തുടർപ്രവർത്തനങ്ങളും നടത്തുന്നതിന് ഭരണസമിതിയും ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയും ശ്രമിച്ചിട്ടില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ പരിശോധനയും വിലയിരുത്തലും നടത്താൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

# 1-24 അംഗീകാരം വാങ്ങിയ പ്രവൃത്തികൾ നടപ്പാക്കുന്നില്ല - വകയിരുത്തുന്ന ഫണ്ട് ചെലവഴിക്കുന്നില്ല

2018-19 സാമ്പത്തിക വർഷം 104 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 30 പ്രവൃത്തികൾ നടപ്പാക്കിയില്ല. അവയിൽ സ്പിൽ ഓവർ പ്രവൃത്തികളുമുണ്ട്. ജി.ഒ.(എം.എസ്) നമ്പർ 72/2017/ തസ്വഭവ തീയതി 29-3-2017 പദ്ധതി മാർഗരേഖ ഖണ്ഡിക 6.8(2)ൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ അതേ വർഷംതന്നെ നിർബന്ധമായും പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചുവടെചേർക്കുന്ന സ്പിൽഓവർ പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തി നടപ്പാക്കാത്തതിന്റെ കാരണമായി വിശദീകരിച്ചത് (ഓഡിറ്റ് എൻക്വയറി നമ്പർ 07/19.02.2020ന്റെ മറുപടി) |
|---|---|---|---|
| 1 | 160/19 | പിരപ്പൻകോട് വാർഡിലെ റോഡുകൾ റീ ടാറിംഗ് | 12.02.2019ൽ പ്രവൃത്തി പൂർത്തിയായെങ്കിലും ഫണ്ടിന്റെ അപര്യാപ്തതയാൽ 18-19വർഷം തുക നൽകിയില്ല |
| 2 | 175/19 | ശാന്തിഗിരി വാർഡിലെ റോഡുകൾ റീ ടാറിംഗ് | 20.03.2019ൽ പ്രവൃത്തി പൂർത്തിയായെങ്കിലും ഫണ്ടിന്റെ അപര്യാപ്തതയാൽ 18-19വർഷം തുക നൽകിയില്ല |
| 3 | 178/19 | പിരപ്പൻകോട് അംഗൻവാടി നിർമ്മാണം | സ്ഥലം സംബന്ധിച്ച് അതിർത്തി തർക്കമുണ്ടായതിനാൽ പ്രവൃത്തി നടപ്പാക്കാൻ കഴിഞ്ഞില്ല |
| 4 | 180/19 | കൊപ്പം എൽ.പി.എസ്സിൽ പെയിന്റിംഗ് | ഗുണഭോക്തൃ സമിതി (പി.ടി.എ) മുഖേന നടപ്പാക്കാൻ നിശ്ചയിച്ച പ്രവൃത്തി. ഗുണഭോക്തൃസമിതി കരാർ വയ്ക്കുകയോ പ്രവൃത്തി നടത്തുകയോ ചെയ്തില്ല |
| 5 | 181/19 | കോലിയക്കോട് യു.പി.എസ് പെയിന്റിംഗ് | ഗുണഭോക്തൃ സമിതി (പി.ടി.എ) മുഖേന നടപ്പാക്കാൻ നിശ്ചയിച്ച പ്രവൃത്തി. ഗുണഭോക്തൃസമിതി കരാർ വയ്ക്കുകയോ പ്രവൃത്തി നടത്തുകയോ ചെയ്തില്ല |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയ പ്രോജക്ടുകളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 2537210 | 1802831 | 71 |
| വികസനഫണ്ട്-SCP | 2796236 | 520843 | 19 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15015105 | 11009465 | 73 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1370000 | 850000 | 62 |
| തനത്ഫണ്ട് | 4021049 | 1257516 | 37 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1100000 | 1096330 | 99.7 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 13927215 | 9150000 | 66 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 4323268 | 3504499 | 81 |
| **ആകെ** | **46090083** | **29191484** | **63** |

വികസനഫണ്ട്-SCP വകയിരുത്തിയ അഞ്ച് പ്രവൃത്തികളിൽ മൂന്ന് എണ്ണം അതിർത്തി തർക്കം കാരണം നടപ്പാക്കാൻ കഴിയാഞ്ഞതാണ് ചെലവ് ശതമാനം കുറയാൻ കാരണമായി വിശദീകരിച്ചിട്ടുള്ളത്.

വകയിരുത്തുന്ന ഫണ്ടുകളുടെ പൂർണമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

# 1-25 വ്യാപകമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

18-19 വർഷം നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും ഇവയൊന്നും പാലിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് |
|---|---|---|
| 1 | 104/19 | മദപുരം അംഗൻവാടി മെയിന്റനൻസ് |
| 2 | 115/19 | അണ്ണൻ പാറയിൽ കോളനി റോഡ് കോൺക്രീറ്റ് |
| 3 | 137/19 | പുലന്തറ അംഗൻവാടി മെയിന്റനൻസ് |
| 4 | 138/19 | കന്യാകുളങ്ങര മാർക്കറ്റിൽ പൊതുശൗചാലയം |
| 5 | 157/19 | പത്തേക്കർ കിഴക്കുംകര റോഡ് റീടാറിംഗ് |
| 6 | 160/19 | പിരപ്പൻകോട് വാർഡിലെ റോഡുകൾ റീടാറിംഗ് |
| 7 | 177/19 | പ്ലാക്കീഴ് കുന്നുമുകൾ അണ്ണൽ റോഡിൽ കലുങ്ക് നിർമ്മാണം |
| 8 | 194/19 | കോലിയക്കോട് പി.എച്ച്.സിയിൽ |

| | | |
|---|---|---|
| | | ടോയ് ലറ്റ് നിർമ്മാണം |
| 9 | 196/19 | ലക്ഷ്മിപുരം അംഗൻവാടിയിൽ നടപ്പാലം നിർമ്മാണം |
| 10 | 207/19 | പകൽവീട് - ബാക്കി പണികൾ |
| 11 | 161/19 | ചേലക്കാട് വട്ടവിള റോഡ് റീടാറിംഗ് |
| 12 | 165/19 | ത്തുമ്പറ കുറ്റിക്കാട്ടുകോണം ഇടറോഡ് കോൺക്രീറ്റിംഗ് |
| 13 | 176/19 | പിരപ്പൻകോട് എൽ.പി.എസ്. ടോയ് ലറ്റ് നിർമ്മാണം |

മാന്വലിലും സർക്കുലറിലും നിഷ്കർഷിക്കുന്ന രീതിയിലുള്ള വിശദമായ സ്ഥലപരിശോധനയ്ക്കും ചർച്ചകൾക്കും നിഗമനങ്ങൾക്കും ആവശ്യമായ സമയം ലഭിക്കാറില്ലെന്നും നിശ്ചിത സമയത്ത് എസ്റ്റിമേറ്റ് സമർപ്പിക്കാൻ തിടുക്കപ്പെടേണ്ടിവരുന്നുവെന്നും പ്രവൃത്തി നടപ്പാക്കുന്ന സമയത്ത് സൈറ്റിലെ അവസ്ഥയും പ്രദേശവാസികളുടെയും പഞ്ചായത്തിന്റെയും ആവശ്യങ്ങളും പരിഗണിക്കേണ്ടിവരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ നിർബന്ധിതമാകുന്നുവെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 38/28.02.2020ന്റെ മറുപടി). ഭൂരിഭാഗം പ്രവൃത്തികളും റിവൈസ് ചെയ്യേണ്ടിവന്നത് ന്യായീകരിക്കത്തക്കതല്ല. ഭാവിയിൽ ഇപ്രകാരം സംഭവിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-26 കന്യാകുളങ്ങര മാർക്കറ്റ് - അധികാരികളുടെ ശ്രദ്ധ ആവശ്യം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ് (കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ്). ചവറും ഖരമാലിന്യങ്ങളും പഞ്ചായത്ത് നീക്കം ചെയ്യണമെന്ന് 1998ലെ കേരള പഞ്ചായത്ത് രാജ് (പൊതു കക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും ) ചട്ടങ്ങളിലെ ചട്ടം 10 അനുശാസിക്കുന്നുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങളിലെ 18(10)-ാം ചട്ടം പ്രകാരം പൊതു മാർക്കറ്റുകളുടെ കാര്യത്തിൽ പഞ്ചായത്തും സ്വകാര്യ മാർക്കറ്റുകളുടെ കാര്യത്തിൽ ലൈസൻസുകാരനും ബന്ധപ്പെട്ട മാർക്കറ്റുകളിൽ ശുദ്ധജല വിതരണം, കക്കൂസുകൾ, മൂത്രപ്പുരകൾ, അഴുക്ക് ചാലുകൾ മുതലായ സൗകര്യങ്ങളേർപ്പെടുത്തേണ്ടതും തറ വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

ചട്ടങ്ങളും നിയമങ്ങളും ഇപ്രകാരമായിരിക്കെ കന്യാകുളങ്ങര പബ്ലിക് മാർക്കറ്റിന്റെ അവസ്ഥ മാറ്റിയെടുക്കാൻ അധികൃതർക്കായില്ല.

2018-19 വർഷം കന്യാകുളങ്ങര മാർക്കറ്റിൽ പൊതു ശൗചാലയം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 138/19 |
| അടങ്കൽതുക | 1000000<br>(വികസനഫണ്ട്) |
| കരാറുകാരൻ | ഷിജു.എസ് |
| ചെലവ് | 837908 |
| ബിൽ നമ്പർ | 57/16.01.2019 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പ്രോജക്ട് പ്രകാരം നിർമ്മിച്ച ടോയ്ലറ്റ് സമുച്ചയം വൃത്തിഹീനമായും പ്രവേശനം അസാദ്ധ്യമായ നിലയിലുമാണ്. വാതിലുകൾ പൂട്ട് പൊളിച്ച നിലയിലാണ്. മാർക്കറ്റ് മാലിന്യം നിറഞ്ഞ് ദുസഹമായ

അന്തരീക്ഷത്തിലാണ്.

മാർക്കറ്റിലെ ശൗചാലയസമുച്ചയം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ലായെന്നും ടോയ്‌ലറ്റുകളുടെ യൂസർഫീ പിരിക്കുന്നതിനുള്ള അവകാശത്തിനായി ലേലവും പുനർലേലവും ക്വട്ടേഷനും നടത്തിയെങ്കിലും ആരും ഏറ്റെടുക്കാൻ തയ്യാറായില്ലായെന്നും ഒരിക്കൽകൂടി ലേലം നടത്തിയിട്ടും ആരും ലേലം കൊണ്ടില്ലായെങ്കിൽ കുടുംബശ്രീയെയോ ഹരിതകർമ്മസേനയെയോ ചുമതലപ്പെടുത്തി ടോയ് ലറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും യൂസർഫീ പിരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 34/27.02.2020ന്റെ മറുപടി).

പ്രസ്തുത മാർക്കറ്റിലെ പ്രവർത്തനങ്ങളും നിലവിലെ അവസ്ഥയും അവലോകനം നടത്തി, പൊതുജനത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ മാർക്കറ്റിനാവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്.

## 1-27 ജാഗ്രത സമിതി - പ്രവർത്തനം ഊർജ്ജിതമാക്കണം

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം(എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാനും തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം. രണ്ട് മാസത്തിലൊരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കണം. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.

എന്നാൽ, ജാഗ്രതാ സമിതി പ്രവർത്തനവുമായി ബന്ധപ്പെട്ട് പരാതിപ്പെട്ടി വാങ്ങൽ മാത്രമാണ് നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ ഭാവിയിൽ നടത്തുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 30/27.02.2020ന്റെ മറുപടി).

## 1-28 ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ കായിക മത്സരം - റിഫ്രഷ് മെന്റെന്ന പേരിൽ യാത്രക്കൂലി പണമായി നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/18-19 |
| അടങ്കൽ | 75000/-<br>(വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 65000/- |
| ബിൽ നമ്പർ | 19/ 12-02-2019<br>തുക 65000/- |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ കായിക മത്സരത്തിനായി വൗച്ചർ നമ്പർ 7 പ്രകാരം ആഹാരത്തിന് 25000/-രൂപയും, വൗച്ചർ നമ്പർ 8 പ്രകാരം റിഫ്രഷ് മെന്റിന് 2800/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വീണ്ടും റിഫ്രഷ് മെന്റ് ഇനത്തിൽ 85 പേർക്ക് 200/-രൂപ നിരക്കിൽ പണമായി 17000/- രൂപ നൽകി. സബ്സിഡി നൽകുന്നതിൽ പണമായി സഹായം നൽകുന്നതിന് സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018] പ്രകാരം നിയന്ത്രണമുണ്ട്. ഭരണസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വണ്ടിക്കൂലി നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 32/27.02.2020ന്റെ മറുപടി).

പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 മഴക്കാല പൂർവ്വശുചീകരണം - പ്രവർത്തനത്തിലെ അപാകങ്ങൾ

വൗച്ചർ നമ്പർ 21800308/08.06.2018 പ്രകാരം 189000/- രൂപ മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് കൈമാറിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് നമ്പർ 17/ഡി.സി 1/18/ തസ്വഭവ തീയതി 22.1.2018 പ്രകാരം വാർഡ് തല ആരോഗ്യ ശുചിത്വ സമിതി പ്രത്യേക യോഗവും വാർഡ് തല ശുചിത്വ കൂട്ടായ്മയും നടത്തേണ്ടതും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും മൈക്രോ ലെവൽ കർമ്മപരിപാടികളും ആസൂത്രണം ചെയ്യുകയും വേണം. മൈക്രോ ലെവൽ കർമ്മപരിപാടികളെ വാർഡു തലത്തിലും തുടർന്ന് പഞ്ചായത്ത് തലത്തിലും ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന ഭരണ സമിതിയുടെ അംഗീകാരം നേടേണ്ടതും ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതുമാണ്. മേൽ ഉത്തരവ് ഖണ്ഡിക 6 പ്രകാരം വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി മേൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം. കൂടാതെ മേൽ പ്രവർത്തനങ്ങളും ചെലവുകളും, അംഗീകരിച്ച വാർഡ് തല പ്രവർത്തന രേഖയുടെ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ, മൈക്രോലെവൽ കർമ്മപരിപാടികളെ വാർഡു തലത്തിലും തുടർന്ന് പഞ്ചായത്ത് തലത്തിലും ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന ഭരണ സമിതിയുടെ അംഗീകാരം നേടിയതിന്റെയും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ചതിന്റെയും വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തതിന്റെയും വിശദാംശങ്ങളൊന്നുംതന്നെ ലഭ്യമാക്കിയില്ല.

പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ വാർഡുതല കൺവിനർമാരോട് നിർദ്ദേശിച്ചിട്ടുണ്ടെന്നാണ് മെഡിക്കൽ ഓഫീസറുടെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 40/28.02.2020ന്റെ മറുപടി). പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# 1-30 ആശുപത്രി മാനേജിംഗ് കമ്മിറ്റി - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

2010ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ യോഗം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതും യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ പ്രസ്തുത യോഗത്തിന് ശേഷം ചേരുന്ന ഗ്രാമസഭായോഗത്തിൽ വായിക്കേണ്ടതുമാണ്. അതിനായി യോഗ തീരുമാനത്തിന്റെ പകർപ്പുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ കൺവീനർക്ക് നൽകേണ്ടതുമാണ്.

ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി ആശുപത്രി വികസനഫണ്ട് ആരംഭിക്കാവുന്നതും പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് ഫണ്ട് വർധിപ്പിക്കാവുന്നതാണ്. ജനങ്ങൾക്ക് ആശുപത്രിയുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ എച്ച്.എം.സി യോഗത്തിൽ ഉചിതമായ തീരുമാനങ്ങളെടുക്കാവുന്നതും ആയത് പരിഗണിക്കുവാനായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ, ഗവ.ഹോമിയോ

ഡിസ്പെൻസറിയിൽ എച്ച്.എം.സി രൂപീകരിച്ച് നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചു വരുന്നില്ല (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 01/19.02.2020ന്റെ മറുപടി). ഇത് സ്ഥാപനത്തിന്റെയും പഞ്ചായത്തിന്റെയും ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

# 1-31 മരുന്നു വിതരണ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ വിവരിക്കുന്ന വിവിധ പദ്ധതികളിൽ പ്രൊഫോർമ ഇൻവോയ്സുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത മരുന്നുകൾ വാങ്ങിയതിന്റെ ബില്ലുകൾ ലഭ്യമാകാത്തിനാൽ മരുന്ന് പൂർണമായും ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

1. പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | 42/19 |
| അടങ്കൽ തുക | 4,00,000/- രൂപ<br>(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 4,00,000/- രൂപ |
| ബിൽ നമ്പർ | 3/31.07.2018 തുക2,75,000/-<br>6/27.04.2018 തുക1,25,000/- |

2. വയോ സൗഹൃദ പഞ്ചായത്ത്- അലോപ്പതി മരുന്ന് വാങ്ങൽ (SCP)

| | |
|---|---|
| പ്രോജക്ട് നമ്പർ | 130/19 |
| അടങ്കൽ തുക | 3,00,000/- രൂപ<br>(വികസന ഫണ്ട് -SCP) |
| ചെലവ് | 3,00,000/- രൂപ |
| ബിൽ നമ്പർ | 04/31.07.2018 |

3. വയോ സൗഹൃദ പഞ്ചായത്ത് - അലോപ്പതി മരുന്ന് വാങ്ങൽ- ജനറൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | 41/19 |
| അടങ്കൽ തുക | 3,00,000/- രൂപ<br>(വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 3,00,000/- രൂപ |
| ബിൽ നമ്പർ | 7/27.09.2018 തുക2,80,000<br>15/23.01.2019 തുക10,072<br>19/27.02.2019 തുക9,928 |

മരുന്നിനായി നൽകിയ തുകയുടെ പൂർണമായ വിനിയോഗം ഉറപ്പാക്കുന്നതിനായി മരുന്നുകൾ ലഭ്യമായ ബില്ലുകളും സ്റ്റോക്ക് - വിതരണ രേഖകളും ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/29.02.2020) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത സാഹചര്യത്തിൽ ആകെ ചെലവ് തുക 10,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 23.7.2019 മുതൽ 25.07.2019 വരെ | കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1456/2019<br>തീയതി 17.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 10200 | കേദാരം | 0 | 10200 | 0 |
| | | 154000 | ഹരിത ഭവനം | 0 | 154000 | 0 |
| | | 7500 | ജൈവസമൃദ്ധി | 0 | 7500 | 0 |
| | | | ലൈഫ് | 0 | 3263109 | 0 |
| | | 427500 | സ്നേഹസ്പർശം | 0 | 420000 | 7500 |
| | | | ലൈഫ് (SC) | 0 | 3272716 | |
| | | 180000 | ക്ഷീര സമൃദ്ധി | 0 | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 159840 | ജലശ്രീ-ജനറൽ | 0 | 141120 | 18720 |
| | | | ലൈഫ് ഭവന പദ്ധതി | 0 | 2251359 | 0 |
| | | 427500 | സ്നേഹ സ്പർശം | 0 | 412000 | 15500 |
| | | | ലൈഫ് (SC) | 0 | 1402920 | 0 |
| | | 500000 | പകൽ വീട് | 0 | 500000 | 0 |
| | | 600000 | ക്ഷീര സമൃദ്ധി | 0 | 600000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | സ്വയം തൊഴിലിന് സബ്സിഡി | 0 | 200000 | 0 |

| | 17-18 B4 പ്രകാരം നീക്കിയിരിപ്പ് | 18-19 RP 31 പ്രകാരം വരവ് | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | ബാക്കി | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 0 | 7919241 | 7919241 | 7307525 | 611716 | 479764 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1165527 | 5977620 | 7143147 | 6103729 | 1039418 | 1039418 |

ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പിലെ വ്യത്യാസം വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കല്ലമ്പലം - പുളിന്താനം - പാറപ്പൊറ്റ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 590000 | 0 | 0 | 590000 |
| | വട്ടപ്പാറ മുതൽ ആയക്കാട്ട് പള്ളി വരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 197900 | 0 | 0 | 197900 |
| | നെടുങ്കണി പുളിമൂട് ജംഗ്ഷൻ മുതൽ പുറ്റംപുറം വരെ പൈപ്പ് ലൈൻ നീട്ടൽ | 300000 | 0 | 0 | 300000 |
| | കൊശവീട് - ആറാട്ടുവിള പൈപ്പ് ലൈൻ നീട്ടൽ | 325875 | 0 | 0 | 325875 |
| | കന്യാകുളങ്ങര - വെമ്പായം - മദപുരം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 344000 | 0 | 0 | 344000 |
| | ആകെ | 1757775 | 0 | 0 | 1757775 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെപ്പറയും പ്രകാരമാണ്.

| ഏജൻസി | വാട്ടർ അതോറിറ്റി |
|---|---|
| 17-18 B-18 പ്രകാരം<br>നീക്കിയിരിപ്പ് | 0 |
| സുലേഖ ചെലവ് പത്രിക പ്രകാരം<br>18-19 വർഷത്തെ നിക്ഷേപം | 1757775 |
| ആകെ | 1757775 |
| 18-19 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 1087900 |

മേൽ പ്രവൃത്തികൾക്കൊന്നും തന്നെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വ്യത്യാസമുള്ള 669875/-രൂപ മേൽപട്ടികയിലെ മൂന്നും നാലും പ്രോജക്ടുകളുടെ വിവരം ഉൾപ്പെടാത്തതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 41705835/-രൂപ വരവുണ്ട്. പ്രസ്തുത തുക പൂർണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 727/2010 തീയതി 04.03.2010 | 13000000 | 2260000 | 1130000 | - | 1130000 |
| ഹഡ്കോ- ലൈഫ് | 289/എൽ.എം.സി-എ1-കെ.യു.ആർ.ജി.എഫ്.സി./2018 തീയതി 04.01.2019 | 41705935 | - | - | - | 41705935 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>ഖണ്ഡിക 21 | 2005-06<br>ഖണ്ഡിക 2.4.1 | മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് | നടപടികൾ സ്വീകരിച്ചു വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 174913972 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 139260535 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1000000 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 1000000 | ഡോ. ഹീര, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം | ഇപ്പോഴത്തെ |
|---|---|---|

| | | |
|---|---|---|
| | | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം |
| ഡോ. ഹീര,<br>മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. - മാണിക്കൽ ഗ്രാമപഞ്ചായത്ത് | ജ്യോതിസ്,<br>നിയർ ഗവ. ഹയർസെക്കന്ററി സ്കൂൾ,<br>പിരപ്പൻകോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/936/18 തീയതി 18-07-18 | 2 |
| 2005-06 | | 6 |
| 2006-07 | | 4 |
| 2007-08 | | 5 |
| 2008-09 | | 3 |
| 2009-10 | | 18 |
| 2010-11 | | 34 |
| 2011-12 | | 11 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2014-15 | | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1/934/16 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1661/17 | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2626/18 തീയതി.11.02.2019 | 18 |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **മാണിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19** -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ബി.റ്റി**